15
2025
മാർച്ച്
ശനി
മീനം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.98 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-98 പേജ് 4. വില 2.00 രൂപ




02 കേന്ദ്രംകനിഞ്ഞു; 5990 കോടി കൂടി കടമെടുക്കാൻ കേരളം

03 കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ നിരവധി ഒഴിവുകൾ

04 ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ന്യൂ ജേഴ്സിയിൽ

# തീരദേശഹൈവേ ശക്തികുളങ്ങരയിലൂടെ ആകാശപാത വേണം

**യേശുദാസ് വില്യം**

കൊല്ലം. ശക്തികുളങ്ങരയുടെ ഹൃദയഭൂമിയിലൂടെ തീരദേശ ഹൈവേ കടന്നു പോകുന്നതെങ്ങിനെയാവണം എന്നതിൽ തീരദേശത്തെ ജനസമൂഹം ഒറ്റക്കെട്ടായി ആഘാതപഠന സമിതിക്കുമുൻപിൽ വ്യക്തതയോടെയും,കാഴ്ചപ്പാടുകളോടെയും അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. ശക്തികുളങ്ങര ഒഴുക്കു തോടു മുതൽ ബസ്റ്റാന്റ്റു വരെ എലിവേറ്റഡ് ഹൈവേ വേണമെന്ന ആവിശ്യമാണ് തീരദേശവാസികൾക്കുള്ളത്.



**ശക്തികുളങ്ങര ഇടവക വികാരിയും,ലത്തീൻരൂപത മീഡിയ കമ്മീഷൻ സെക്രട്ടറിയുമായ ഫാദർ രാജേഷ് മാർട്ടിൻ യോഗത്തെ അഭിസംബോധന ചെയ്യുന്നു.**

തീരദേശഹൈവേ വരുന്നതിന്റെ മുന്നോടിയായി നടക്കുന്ന സ്ഥലമെടുപ്പിന്റെ സാമൂഹിക ആഘാത പഠനത്തിനായി സ്ഥലം നഷ്ടമാവുന്ന ഉടമകളുമായി ശക്തികുളങ്ങര മൽസ്യഗ്രാമത്തിൽ സെന്റർ ഫോർ ലാന്റ് ആന്റ് സോഷ്യൽ സ്റ്റഡീസ് എന്ന സർക്കാർ നിയോഗിച്ച ഏജൻസിയുമായി സമ്പർക്ക പരിപാടിയിലായിരുന്നു ആവിശ്യങ്ങളും നിർദ്ദേശങ്ങളും അക്കമിട്ടു നിരത്തിയത്. .കൊല്ലം ലത്തീൻ രൂപതയുടെ മീഡിയ കമ്മീഷൻ സെക്രട്ടറിയും, ശക്തികുളങ്ങര ഇടവക പള്ളി വികാരിയുമായഫാദർ രാജേഷ് മാർട്ടിനും,സർക്കാർ നിയോഗിച്ച ഏജൻസിയിലെ ഉദ്യോഗസ്ഥരും വിവിധ വകുപ്പുകളിലെ സർക്കാർ പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ സ്ഥലം നഷ്ടമാവുന്നവരുടെ പ്രശ്നങ്ങളും,സ്ഥലത്തിനു പകരമായി സർക്കാർ നൽകുന്ന കോംപൻസേഷനും, വികസന കാഴ്ചപ്പാടുകളും ഉയർന്നുവന്നു.

ഇന്ത്യയിലാദ്യമായി യന്ത്രവൽകൃത മൽസ്യബന്ധനം ഇൻഡോ നോർവ്വീജിയൻ പ്രോജക്ടിലൂടെ നടപ്പിലാക്കിയ മൽസ്യഗ്രാമങ്ങളിലൊന്നാണ് ശക്തികുളങ്ങര.മൽസ്യബന്ധനത്തിൽ നവീനമായ ആശയങ്ങൾ നടപ്പിലാക്കുവാനും അതു പ്രാവർത്തീകമാക്കുവാനുമുള്ള പ്രാവിണ്യവും,കുശാഗ്രബുദ്ധിയും,അസാമാന്യ ധൈര്യവുമുള്ള മൽസ്യത്തൊഴിലാളികൾ അധിവസിക്കുന്ന ഇടമാണ് ശക്തികുളങ്ങര.ഇന്നത്തെ സ്റ്റാർട്ടപ്പുകൾ വരുന്നതിനും പണ്ടു വീടൊന്നിനു ഒരു ഫിഷിംഗ് ബോട്ട് സ്വന്തം പ്രയത്നത്തിൽ നിർമ്മിച്ചു പ്രവർത്തിപ്പിച്ചു വിജയിപ്പിക്കുകയും രാജ്യത്തിനു വിദേശനാണ്യം നേടിത്തരുന്നതിനു മുന്നിൽ നിന്ന മൽസ്യഗ്രാമമാണ് ശക്തികുളങ്ങര.യന്ത്രവൽകൃത മൽസ്യബന്ധനവും പരമ്പരാഗത മൽസ്യബന്ധനവും സമന്വയിപ്പിച്ചുകൊണ്ട് മുന്നേറുന്ന അപൂർവ്വതയും ഈ നാടിനുണ്ട്.കേരളത്തിൽ അത്യപൂർവ്വമായ കല്ലുറാളുകളുടെ ആവസകേന്ദ്രവും അതിനെ ജീവനോടെ പിടിച്ചെടുക്കുന്ന വിദഗ്ധരായ മീൻ പിടുത്തക്കാർ ഈ തീരത്തിന്റെ മാത്രം പ്രത്യേകതയാണ്.തീരത്തോടു ചേർന്നു ഇടതൂർന്നുപാർക്കുന്ന ഇത്തരം പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ വീടുകൾ പിളർത്തിക്കൊണ്ടു ഹൈവേ വരുന്നതിനോടു വിമുഖതയാണ് എല്ലാവർക്കും.

വികസനത്തിന് മുന്നിൽ നിൽക്കുവാനും പിൻതുണ നൽകുവാനും ശക്തികുളങ്ങരയിലെ എല്ലാവരും ഒപ്പമുണ്ട്. നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി വന്ന നാലുവരിപ്പാത ശക്തികുളങ്ങര നീണ്ടകര പാലത്തിൽ നിന്നുമിറങ്ങി നാടിനെ രണ്ടായി വിഭജിച്ചുകൊണ്ടു പോകുന്നതിൽ വേദനയും അമർഷവും നിലനിൽക്കുമ്പോഴാണ് പുതിയ തീരദേശപാതയുടെ ചർച്ചകൾ.കേരളത്തിലെ ഏറ്റവും വലിയ മൽസ്യബന്ധനതുറമുഖത്തിന്റ മുഖപ്പിലൂടെ കടന്നുപോകുന്ന ഹൈവേ എലിവേറ്റഡ് അല്ലാത്തതു ഹാർബറിലെ ചരക്കു നീക്കത്തിനും,അനുബന്ധ കയറ്റുമതി, വിപണന പ്രവർത്തനത്തിനും വിലങ്ങു തടിയാവും എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.സാമാനമായ പ്രശ്നം നീണ്ടകരയിലും നിലനിൽക്കുന്നു.ഈ സന്ദർഭത്തിലാണ് തീരദേശപാതയുടെ വരവിനെ സംബന്ധിച്ചുള്ള ആശയവിനിമയം.

തീരദേശപാത ആവിശ്യമാണ്.അതു തീരം തൊട്ടു പോകണോ?,തീരത്തിനു സമാന്തരമായി തീരദേശത്തെ ജനവാസമേഖലയിലൂടെ പോകണോ?,തങ്കശ്ശേരി -അഞ്ചുകല്ലൂംമൂട്- ആൽത്തറമൂട് വന്നു ചേരുന്ന രീതിയിൽ വികസനത്തിനു തയ്യാറെടുത്തു നിൽക്കുന്ന പാതയിലൂടെ വോണോ? എന്നും ആദ്യം തീരുമാനിക്കണം.ടൂറിസത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെടുന്ന പാത തീരത്തെ തൊട്ടു എലിവേറ്റഡ് ഹൈവേയായി പോകുന്നതിൽ ആർക്കും എതിർപ്പില്ല. വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ കടലും ഭൂപ്രകൃതിയും ആസ്വദിക്കുവാനാവും. എന്നാൽ ലോകത്ത് ഏറ്റവും ജനസാന്ദ്രതയുള്ള തീരജനവാസകേന്ദ്രം പിളർന്നുകൊണ്ടു തന്നെ പോകണോ? .സ്ത്രീകളടക്കമുള്ളവർ ചോദിച്ചു.സ്ഥലം നഷ്ടപ്പെടുന്നവർക്കു നഷ്ടപരിഹാരമായി ലഭിക്കുന്ന തുകയെക്കുറിച്ചും ചോദ്യങ്ങൾ വന്നു.ഇരുപത്തേഴു സെന്റ് സ്ഥലം ഹാർബർ വികസനത്തിനായിനായി നൽകിയ വീട്ടമ്മയ്ക്കു അന്നു സർക്കാർ നൽകിയ നാലു സെന്റ് ഇപ്പോൾ വീണ്ടും നഷ്ടപ്പെടുമന്നായപ്പോൾ ഞാനിനി എവിടെപ്പോകണമെന്ന ചോദ്യവും മരിച്ചാലും വീടുവിട്ട് എവിടെയും പോകില്ലെന്നും ഉത്തരവും നൽകി ആ അമ്മ വിതുമ്പി.ഒഴുക്കു തോട് മുതൽ ശക്തികുളങ്ങര ബസ്റ്റാന്റ് സ്ട്രെച്ചിൽ കുറച്ചു ഭാഗത്തു കുറ്റികൾ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ മുപ്പതോളം വീടുകളും,അതിലേറെ വ്യാപാര സ്ഥാപനങ്ങളും ഒരു സ്കൂളും,മൽസ്യോൽപ്പന്ന കയറ്റുമതിക്കുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള നിരവധി പ്രവർത്തന കേന്ദ്രങ്ങൾ പൂർണ്ണമായോ ഭാഗീകമായോ നഷ്ടപ്പെടുന്നു.പ്രതിഷേധം മൂലം കുറ്റികൾ ഇടാത്ത പകുതിയിലേറെ ഭാഗങ്ങളിൽ ഇതിലേറെ വീടുകൾ നഷ്ടമാകാം എന്നും കണക്കുകൾ ഉദ്ധരിച്ചു കൊണ്ടു ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി.

മീറ്റിംഗിൽ ഉദ്യോഗസ്ഥരോടൊപ്പം പങ്കെടുത്ത കൊല്ലം ലത്തീൻരൂപത മീഡിയ കമ്മീഷൻ സെക്രട്ടറിയും ശക്തികുളങ്ങര ഇടവക വികാരിയുമായഫാദർ.രാജേഷ് മർട്ടിൻ പൊതുവിൽ സ്വംശീകരിച്ച ഇടവകജനങ്ങളുടെ അഭിപ്രായം പറഞ്ഞു.ടൂറിസത്തിനു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള റോഡാണ് വരുന്നതെങ്കിൽ കടൽതീരത്തുകൂടിയുള്ള മേൽപാലം നിർമ്മിച്ചാൽ മനോഹരമാകും.കടലും പ്രകൃതിയും സഞ്ചാരികൾക്ക് ആസ്വദിക്കാനാവുമെന്നും രാജേഷ് മാർട്ടിൻ പറഞ്ഞു.വികസനത്തിന്റെ കാര്യത്തിലും,സമീപനത്തിലും ഇടവകസമൂഹം ഒറ്റക്കെട്ടാണന്നും ഫാദർ.രാജേഷ്മാർട്ടിൻ പറഞ്ഞു.

## സുവ്യക്തമായ മൂന്ന് നിർദ്ദേശങ്ങൾ

തീരദേശഹൈവേയുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനത്തിനെത്തിയ സർക്കാർ നിയോഗിച്ച സമിതിക്കു മുൻപിൽ ശക്തികുളങ്ങര പ്രദേശത്തിനായി ടൈറ്റസ് മാലിത്തോപ്പിൽ ഉൾപ്പെടുന്ന ജനകീയ കൂട്ടായ്മ മുമ്പോട്ടു വെച്ച നിർദ്ദേശങ്ങൾ

( 01 ) കൊല്ലം, തെക്കേ കച്ചേരി മുക്ക് മുതൽ ശക്തികുളങ്ങര ആൽത്തറമൂട് വരെയുള്ള പഴയ ദേശീയപാത 66 ന്റെ ഇരുവശവും വീതി കൂട്ടുവാൻ നാളുകൾക്കു മുമ്പ് തന്നെ സ്ഥലം എടുത്തിട്ടിരിക്കുകയാണ്, ഇപ്പോൾ ഉദ്ദേശിക്കുന്ന തീരദേശ റോഡ് തങ്കശ്ശേരിയിൽ നിന്നും തെക്കേ കച്ചേരിമുക്ക്, അഞ്ചു കല്ലുംമൂട്, മേടെമുക്ക് വഴി, രാമൻകുളങ്ങരയിലൂടെ കാവനാട്, ശക്തികുളങ്ങര ആൽത്തറമൂട് ജംഗ്ഷനിൽ വന്ന് ദേശീയപാത 66 ലെ ബൈപ്പാസ് റോഡിൽ യോജിപ്പിക്കാവുന്നതാണ്...

( 02 ) തങ്കശ്ശേരി മുതൽ തിരുമുല്ലവാരം വരെ രണ്ടര കിലോമീറ്റർ മേൽപ്പാലം നിർമ്മിക്കുന്നത് പോലെ, വളവിൽതോപ്പ് ചാപ്പൽ മുതൽ ശക്തികുളങ്ങര ഹാർബർ വരെ മേൽപ്പാലം നിർമ്മിക്കുക...

( 03 ) സാധ്യമാണെങ്കിൽ വളവിൽതോപ്പ് ചാപ്പലിന്റെ പടിഞ്ഞാറ് ഭാഗത്തുനിന്നും നിലവിലുള്ള കടൽഭിത്തി പടിഞ്ഞാറോട്ട് ( കടലിലേക്ക് ) മാറ്റി സ്ഥാപിക്കുക. വളവിൽ തോപ്പ് മുതൽ ശക്തികുളങ്ങര വലിയ പുലിമുട്ട് ( ആ്യലമസ ംമലേ്യ ) വരെ ഇങ്ങനെ ചെയ്താൽ സർക്കാരിന് അധിക ബാധ്യതയും വരികയില്ല, ആരും തന്നെ ഇവിടെ നിന്ന് മാറേണ്ടന്ന് മാത്രമല്ല, തീരദേശത്തോട് ചേർന്ന് താമസിക്കുന്നവർ ഇഞ്ഞദ പരിധിയിൽ നിന്നും പുറത്താക്കുകയും ചെയ്യും. പ്രസ്തുത തീരദേശ റോഡ് വളവിൽ തോപ്പിൽ നിന്നും നേരെ ശക്തികുളങ്ങര ഹാർബർ റോഡ് വഴി ദേശീയപാത 66 ൽ ബന്ധിപ്പിക്കാനും സാധിക്കും.

## ടൂറിസത്തിനു നല്ലത് ആകാശപ്പാത: ഫാ. രാജേഷ് മാർട്ടിൻ

കൊല്ലം: കൊല്ലത്ത് ഫിഷിംഗ് ഹാർബറും,പോർട്ടും ഒരേ ബ്രേക്ക് വാട്ടർ പരിധിക്കുള്ളിൽ വന്നത് ഭാവിയിൽ മൽസ്യത്തൊഴിലാളികൾക്ക് ദോഷം ചെയ്യുമെന്നു കൊല്ലം ലത്തീൻ രൂപത മീഡിയ കമ്മീഷൻ സെക്രട്ടിറിയായ ഫാദർ.രാജേഷ് മാർട്ടിൻ ആശങ്കയോടെ വെളിപ്പെടുത്തി.തീരദേശഹൈവേയുമായി ബന്ധപ്പെട്ട സാമൂഹിക ആഘാതപഠന സമിതി സംഘടിപ്പിച്ച ജനാഭിമുഖ്യ പരിപാടിയിൽ സംസാരിക്കവേയാണ് ഫാദർ രാജേഷ്മാർട്ടിൻ ഇക്കാര്യം സൂചിപ്പിച്ചത്.കൊല്ലം തീരത്തു ജനിച്ചു വളർന്നു കടലും തീരവുമായി നല്ല ധരണയുള്ള പുരോഹിതൻ കൂടിയാണ് ഇദ്ദേഹം.സമ്പർക്ക പരിപാടിക്കു എത്തിയ എംപാനൽഡ് ഏജൻസി പ്രതിനിധി മഞ്ഞക്കുറ്റികൾ സ്ഥാപിക്കുന്നതിൽ ജനങ്ങൾ ആശങ്കപ്പെടുവാനില്ലന്നു പറഞ്ഞതിൽ നിന്നുമായിരുന്നു ഫാദർ രാജേഷ് മാർട്ടിൻ ഇക്കാര്യം സൂചിപ്പിച്ചത്. തങ്കശ്ശേരിയിൽ നിന്നും പോർട്ടു കൊല്ലത്തുനിന്നും പുലിമുട്ടുകൾ ഉള്ളതു പോലെ കൊച്ചിലാമൂട് ഭാഗത്തു നിന്നും പുലിമുട്ട് പദ്ധതിയിൽ ഉണ്ടായിരുന്നുവെന്നാണ് ഫാദർ.രാജേഷ് മാർട്ടിൻ



ചൂണ്ടിക്കാട്ടിയത്. പോർട്ടും,ഹർബറും വെവ്വേറ സ്ഥലത്തായിരുന്നു പദ്ധതി ആവിഷ്കരിച്ചിരുന്നത്. പോർട്ട് കുറച്ചുകൂടി തെക്കു ഭാഗത്തേക്കു വിസ്തൃമാവേണ്ടിയിരുന്നത് യാഥാർത്ഥ്യമായില്ല .തൽഫലമായി തങ്കശ്ശേരി ഭാഗത്താണ് പോർട്ടിന്റെ സ്പെഷ്യൽ എക്കണോമിക് സോണായി സ്ഥലം നിശ്ചയിച്ചിരിക്കുന്നത്.ഇതു പറയാൻ കാരണം കൊല്ലം ബിഷപ്പ് ഹൗസിന്റെ ഉള്ളിലും മഞ്ഞക്കുറ്റികൾ സ്ഥപിച്ചിട്ടുണ്ട്.ഫാദർ രാജേഷ് മാർട്ടിൻ വെളിപ്പെടുത്തി.

കേരള മാരിടൈംബോർഡ് ആവിഷ്കരിക്കുന്ന കോസ്റ്റൽ ഷിപ്പിംഗ് സർക്യൂട്ടിന്റെ പ്രധാന തുറമുഖങ്ങളിലൊന്നാണ് കൊല്ലം പോർട്ട്.ഇവിടുത്ത അശാസ്ത്രീയമായ വാർഫ് നിർമ്മാണം,ഇമിഗ്രേഷൻ ക്ലിയറൻസ്, തുടങ്ങി നിരവധി നൂലാമലകളിൽ കുടുങ്ങിയാണ് തുറമുഖ പ്രവർത്തനം.ഒന്നാം പിണറായി സർക്കാരിന്റെ കാലത്തു കപ്പൽ സർവ്വീസ് മാരിടൈം ബോർഡ് ഏറെക്കുറെ യാഥാർത്ഥ്യമാക്കിയതായിരുന്നു.ഇപ്പോൾ തുറമുഖത്തിനു ഐഎസ് പിഎസ് കോഡും ലഭിച്ചു.എന്നിട്ടും ചരക്കു കപ്പലോ യാത്രകപ്പലോ കൊല്ലം തുറമുഖത്തു വന്നില്ല.മാരിടൈം ബോർഡിന്റെയും,ഉദ്യോഗസ്ഥ ലോബിയുടെയും കെടുകാര്യസ്ഥതയിലാണ് തുറമുഖത്തു കപ്പലുകൾ എത്തുവാൻ തടസ്സമാവുന്നതെന്നു ഈ മേഖലയിലുള്ള വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കപ്പലുകൾ വന്നു തുടങ്ങിയാൽ പോർട്ടും ബിഷപ്പു ഹൗസിനോടു ചേർന്ന അനുബന്ധ പ്രദേശങ്ങളും അതിന്റെ പരിധിയിലാവും എന്നതു മുൻകൂട്ടി കണ്ടു കൊണ്ടാണ് ഫാദർ രാജോഷ് മാർട്ടിൻ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. കൊല്ലം തങ്കശ്ശേരിയിൽ നിന്നും തീരക്കടലിനോടു ചേർന്നു തീരദേശഹൈവേക്കായി നിർദ്ദേശിച്ചിട്ടുള്ള കടൽപ്പാലം ശക്തികുളങ്ങര വരെ ദീർഘിപ്പിച്ചാൽ ടൂറിസത്തിനും അതിലൂടെ വികസനവും സാധ്യമാകുമെന്നും ഫാദർ.രാജേഷ് മാർട്ടിൻ പൊതു അഭിപ്രായമായി അവതരിപ്പിച്ചു.

## വിഴിഞ്ഞം: രണ്ടാംഘട്ടത്തിൽ 77 ഹെക്ടർ കടൽ നികത്തിയെടുക്കും

തിരുവനന്തപുരം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി 77.17 ഹെക്ടർ ഭൂമി കടൽ നികത്തി കണ്ടെത്തും. ഇതിനായി 50 ലക്ഷം ടൺ പാറ ഉപയോഗിക്കും. കണ്ടെയ്നർ ടെർമിനലും (1200 മീറ്റർ) കണ്ടെയ്നർ സംഭരണ യാർഡും നിർമിക്കാൻ വേണ്ടിയാണിത്. നിലവിൽ ടെർമിനലിന്റെ നീളം 800 മീറ്ററാണ്. പുലിമുട്ടിന്റെ നീളം 900 മീറ്റർ കൂടി വർധിപ്പിക്കും.



1220 മീറ്റർ നീളമുള്ള മൾട്ടിപർപ്പസ് ബർത്തുകൾ, 250 മീറ്റർ നീളമുള്ള ലിക്വിഡ് ബർത്തുകൾ, ലിക്വിഡ് കാർഗോ സംഭരണ സൗകര്യങ്ങളുടെ വികസനം എന്നിവയ്ക്കും കടൽ നികത്തിയുള്ള ഭൂമി ഉപയോഗിക്കും. രണ്ടാം ഘട്ടത്തിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കില്ല.ഈ നിർമാണത്തിന്റെ ഏകദേശം 10000 കോടി രൂപ ചെലവ് മുഴുവൻ അദാനി കമ്പനിയാണ് വഹിക്കേണ്ടത്. ഒന്നാം ഘട്ടത്തിൽ 63 ഹെക്ടറിൽ കടൽ നികത്തിയിരുന്നു.വിഴിഞ്ഞത്ത് 2030 വരെ 20000 കോടി രൂപ നിക്ഷേപിക്കുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട് പ്രതിവർഷം 45 ലക്ഷം കണ്ടെയ്നർ കൈകാര്യശേഷിയാണ് രണ്ടാംഘട്ടം പൂർത്തിയാകുമ്പോൾ തുറമുഖത്തിനുണ്ടാകുക.2028ൽ നിർമാണം പൂർത്തീകരിക്കും.



# ലഹരി വിപണനത്തിന്റെ കണ്ണികളായി എസ്.എഫ്.ഐ മാറി: പ്രതിപക്ഷ നേതാവ്

ആലുവ: കളമശേരി പോളിടെക്നിക്കിൽ എസ്.എഫ്.ഐ നേതാക്കളും യൂണിയൻ ഭാരവാഹികളും ഉൾപ്പെടെയുള്ളവരെയാണ് കഞ്ചാവുമായി പിടികൂടിയത്. സംസ്ഥാന വ്യാപകമായി ഹോസ്റ്റലുകളിലും കോളജുകളിലും ലഹരി വിപണനത്തിന്റെ കണ്ണികളായി എസ്.എഫ്.ഐ മാറിയിരിക്കുകയാണ്. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആലുവയിൽ മാധ്യമങ്ങളോട് പറഞ്ഞതാണിത്. ലഹരി മാഫിയയ്ക്ക് രാഷ്ട്രീയ രക്ഷകർതൃത്വം ഉണ്ടെന്ന് 2022-ൽ ഈ വിഷയം നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം ചൂണ്ടിക്കാട്ടിയതാണ്. ലഹരി മാഫിയ കേരളത്തിൽ അവരുടെ നെറ്റ് വർക്ക് വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ലഹരി മാഫിയകളുടെ കണ്ണി വികസിപ്പിക്കുന്നതിൽ കോളജുകളിലും ഹോസ്റ്റലുകളിലുമുള്ള എസ്.എഫ്.ഐ എന്ന വിദ്യാർത്ഥി പ്രസ്ഥാനം വലിയ പങ്ക് വഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സി.പി.എം നേതൃത്വവും സർക്കാരും കർശന നടപടി സ്വീകരിച്ചില്ലെങ്കിൽ ഇത് അപകടത്തിലേക്ക് പോകും.

പൂക്കോട് വെറ്ററനി കോളജിൽ സിദ്ധാർത്ഥന്റെ കൊലപാതകത്തിന് പിന്നിലും മയക്കു മരുന്ന് സംഘം പ്രവർത്തിച്ചിട്ടുണ്ട്. അതിൽ എസ്.എഫ്.ഐ നേതാക്കളുമുണ്ട്. കോട്ടയം നഴ്സിങ് കോളജിലെ റാഗിങ്ങിലും എസ്.എഫ്.ഐ ഉണ്ട്. കളമശേരി പോളിടെക്നിക് ഹോസ്റ്റലിൽ പരിശോധന നടത്തുമ്പോൾ അവിടെ പഠിക്കാത്ത എസ്.എഫ്.ഐ നേതാക്കൾ വന്ന് ബഹളമുണ്ടാക്കി. നിയമസഭയിൽ പ്രതിപക്ഷം വിഷയം ഉന്നയിച്ചതിനു ശേഷം മാധ്യമങ്ങളും പ്രതിപക്ഷവും എല്ലാവരും ചേർന്ന് കേരളത്തിന്റെ പ്രധാന പ്രശ്നമായി ഇതിനെ കൊണ്ടു വന്നതിന് ശേഷമാണ് സർക്കാർ കഴിഞ്ഞ രണ്ടാഴ്ചയായി പരിശോധന ശക്തമാക്കിയത്. പരിശോധനയുമായി കേരളത്തിലെ മുഴുവൻ ആളുകളും സഹകരിക്കും. പരിശോധനയ്ക്ക് എതിരെ ബഹളം ഉണ്ടാക്കിയത് ഹോസ്റ്റലിൽ ഇല്ലാത്തവരാണ്. പഠിച്ച് കഴിഞ്ഞ് പോയവരും ഹോസ്റ്റലിൽ തമ്പടിക്കുകയാണ്. മയക്ക് മരുന്നിന് പണം നൽകിയില്ലെങ്കിൽ കുട്ടികളെ റാഗ് ചെയ്യുകയാണ്. പ്രതിപക്ഷം ഇക്കാര്യത്തിൽ നേരത്തെ ഉന്നയിച്ച ആരോപണവും ഉത്കണ്ഠയും ശരിവയ്ക്കുന്ന സംഭവമാണ് കളമശേരിയിൽ നടന്നത്.

ബഹളം ഉണ്ടാക്കിയത് എസ്.എഫ്.ഐ പ്രവർത്തകരാണ്. മുഴുവൻ പ്രതികളെയും പിടികൂടണമെന്നാണ് കെ.എസ്.യു ആവശ്യപ്പെട്ടത്. അളവ് കുറഞ്ഞതിന്റെ പേരിൽ ചില പ്രതികളെ വിട്ടയിച്ചിട്ടുണ്ട്. രണ്ട് കിലോ കഞ്ചാവാണ് ഹോസ്റ്റലിൽ നിന്നും പിടിച്ചെടുത്തത്. യൂണിയൻ ഭാരവാഹികൾ വരെ അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അത് മറച്ചുവച്ച് കെ.എസ്.യു ആണെന്നു പറഞ്ഞാൽ അതു ശരിയാകില്ലല്ലോ. എസ്.എഫ്.ഐ ഇതിന് പിന്നിൽ ഉണ്ടെന്നത് യാഥാർത്ഥ്യമാണ്. ഏതെങ്കിൽ ഒറ്റപ്പെട്ട സംഭവത്തിൽ മാത്രമായിരുന്നെങ്കിൽ എസ്.എഫ്.ഐയെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. എന്നാൽ പൂക്കോട് ഉൾപ്പെടെ എല്ലായിടത്തും ഇതാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിയോടാണ് കൊടിമരത്തിൽ കയറി കൊടി കെട്ടാൻ പറഞ്ഞത്. അതിന് തയാറാകാതെ വന്നപ്പോൾ യൂണിയൻ മുറിയിൽ കൊണ്ടു പോയി മർദ്ദിച്ചു. എല്ലായിടത്തും എസ്.എഫ്.ഐ ആണ് മയക്ക് മരുന്നിന് പിന്തുണ നൽകുന്നത്.

ദക്ഷിണ, ഉഎത്തര മേഖലകളിലായി രണ്ട് ഐ.ജിമാർക്ക് ചുമതല നൽകണമെന്നും ലഹരി മാഫിയയുടെ സ്രോതസിൽ പോയി പ്രതികളെ പിടികൂടാൻ അവർക്ക് സ്വതന്ത്രമായ ചുമതല നൽകണമെന്നും പ്രതിപക്ഷം നിർദ്ദേശിച്ചതാണ്. കേരളത്തിലേക്കുള്ള സ്പിരിറ്റ് ഒഴുക്ക് അവസാനിപ്പിച്ചതു പോലെ ലഹരി മാഫിയയുടെ പ്രവർത്തനവും അവസാനിപ്പിക്കാം. എന്നാൽ ലഹരി മാഫിയയുടെ സോഴ്സിലേക്ക് ഒരു അന്വേഷണവും നടത്തുന്നില്ല. അതിന് പകരമായി ബോധവത്ക്കരണം മാത്രമാണ് നടത്തുന്നത്. ബോധവത്ക്കരണ ചുമതല സമൂഹിക ക്ഷേമ വകുപ്പിനെയോ യുവജന ക്ഷേമ വകുപ്പിനെയോ കായിക വകുപ്പിനെയോ ഏൽപ്പിക്കണം. എൻഫോഴ്സ്മെന്റിന് പൊലീസിനെയും എക്സൈസിനെയും സജ്ജമാക്കുകയാണ് വേണ്ടത്. കേരളത്തിന് പുറത്ത് നിന്നും വരുന്ന ലഹരി വസ്തുക്കളുടെ വരവ് പൂർണമായും ഇല്ലാതാക്കുക എന്നതാണ് സർക്കാർ ചെയ്യേണ്ടത്. അയൽ സംസ്ഥാനങ്ങളുമായും കേന്ദ്ര സർക്കാരുമായും ചേർന്ന് നടപടികൾ സ്വീകരിക്കണം. പ്രതിപക്ഷം പിന്തുണ നൽകിയിട്ടും ഈ സർക്കാർ ഒന്നും ചെയ്തില്ല.

മാധ്യമങ്ങൾ തന്നെയാണ് എസ്.എഫ്.ഐ നേതാക്കൾ പ്രതിയാണെന്ന വാർത്ത റിപ്പോർട്ട് ചെയ്തത്. എസ്.എഫ്.ഐ ഭാരവാഹികൾ ഉൾപ്പെടെയാണ് അറസ്റ്റിലായത്. കേരളത്തിലെ ഏത് കാമ്പസിൽ പ്രശ്നങ്ങളുണ്ടെങ്കിലും അതിലൊക്കെ എസ്.എഫ്.ഐക്കും പങ്കുണ്ട്. ലഹരി മാഫിയ നെറ്റ് വർക്കിന്റെ ഭാഗമാണ് എസ്.എഫ്.ഐ. ഞങ്ങളുടെ നേതാക്കളുടെ മുറിയിൽ നിന്ന് കഞ്ചാവ് പിടിച്ചെന്നും ക്ഷമിക്കണമെന്നും എസ്.എഫ്.ഐ പറയുമോ. ടി.പി ചന്ദ്രശേഖരനെ 51 വെട്ടു വെട്ടി കൊലപ്പെടുത്തിയിട്ട് ഞങ്ങളല്ല ചെയ്തതെന്ന് പറഞ്ഞവർ കഞ്ചാവ് കൈവശം വച്ചെന്നത് സമ്മതിക്കുമോ?

കരുവന്നൂരിൽ കൊള്ള നടന്നിട്ടുണ്ടെന്നതും സി.പി.എം ഓഫീസിലേക്ക് പണം എത്തിയെന്നതും യാഥാർത്ഥ്യമാണ്. അന്ന് പാർട്ടി സെക്രട്ടറി ആയിരുന്നതു കൊണ്ടാകാം കെ രാധാകൃഷ്ണന് ഇ.ഡി സമൻസ് നൽകിയത്. കേന്ദ്രമന്ത്രി നിർമ്മല സിതാരാമനും മുഖ്യമന്ത്രിയും തമ്മിലുള്ള കൂടിക്കാഴ്ചയിൽ കേരളത്തിന് എന്തെങ്കിലും കിട്ടിയാൾ ആ കൂടിക്കാഴ്ച നല്ല കാര്യമാണ്.



# കേന്ദ്രംകനിഞ്ഞു; 5990 കോടി കൂടി കടമെടുക്കാൻ കേരളം

തിരുവനന്തപുരം : കേന്ദ്രം കനിഞ്ഞതോടെ 5990 കോടി രൂപ കൂടി അധികം കടമെടുക്കാൻ കേരളം. അടുത്ത ചൊവ്വാഴ്ചയോടെ കടമെടുക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ഡൽഹിയിൽ ഗവർണർ രാജേന്ദ്ര അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ എന്നിവർ നടത്തിയ കൂടിക്കാഴ്ചയ്ക്കു പിന്നാലെയാണു കേരളത്തിനു അധികതുക കടമെടുക്കാൻ കേന്ദ്രം അനുമതി നൽകിയത്.

സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടാഴ്ച മാത്രം ബാക്കിയുള്ളപ്പോൾ കടമെടുപ്പിനുള്ള അനുമതി സർക്കാരിന് ഏറെ ആശ്വാസമായി. 12,000 കോടി ഈ മാസം വായ്പയെടുക്കാനാണ് അനുമതി തേടിയത്. വൈദ്യുതി മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയതിന് 6250 കോടിയും പങ്കാളിത്ത പെൻഷൻ പദ്ധതി തുടരുന്നതും മറ്റും കണക്കിലെടുത്ത് 6000 കോടിയും കടമെടുക്കാൻ അവകാശമുണ്ടെന്നാണു കേരളം കേന്ദ്രത്തെ അറിയിച്ചത്. എന്നാൽ 5990 കോടി കടമെടുക്കാനുള്ള അനുമതിയാണ് ലഭിച്ചത്.

നടപ്പു സാമ്പത്തിക വർഷത്തെ (202425) മാത്രം കേരളത്തിന്റെ ആകെ കടമെടുപ്പ് 42,000 കോടി രൂപയോളമായി. സർക്കാരിന്റെ പൊതുകടം ഉൾപ്പെടെയുള്ള ബാധ്യതകൾ കഴിഞ്ഞ സാമ്പത്തിക വർഷപ്രകാരം (202324) മാത്രം 4.15 ലക്ഷം കോടി രൂപയാണെന്ന് സിഎജി റിപ്പോർട്ട് ചെയ്തിരുന്നു. സാധാരണ ഒരുമാസം ശരാശരി 15,000 കോടി രൂപയാണ് ചെലവുകൾക്കായി സംസ്ഥാന സർക്കാരിനു വേണ്ടത്. എന്നാൽ, സാമ്പത്തിക വർഷത്തെ അവസാനമാസം ആയതിനാൽ ഈ മാസം മാത്രം 25,000 കോടി രൂപയുടെയെങ്കിലും ബില്ലുകൾ പാസാക്കി പണം നൽകേണ്ടതുണ്ട്.

സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടാഴ്ച മാത്രം ബാക്കിയുള്ളപ്പോൾ സംസ്ഥാന സർക്കാർ പദ്ധതിയിനത്തിൽ ചെലവിട്ടത് പകുതി മാത്രമാണ്. 38,886 കോടിയാണ് ഈ വർഷത്തെ പദ്ധതി വിഹിതം. ഇതിൽ 52 ശതമാനം തുകയേ ഇതുവരെ ചെലവിടാൻ കഴിഞ്ഞിട്ടുള്ളൂ. 21,838 കോടിയുടെ സംസ്ഥാന പദ്ധതികളിൽ 54% മാത്രമാണു പുരോഗതി. തദ്ദേശ പദ്ധതികൾ 45 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികൾ 57 ശതമാനവും മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ട്രഷറി കാലിയായതോടെ റിസർവ് ബാങ്കിൽനിന്ന് വെയ്സ് ആൻഡ് മീൻസ് അഡ്വാൻസും ഓവർ ഡ്രാഫ്റ്റും എടുത്താണ് കഴിഞ്ഞയാഴ്ചത്തെ ചെലവുകൾക്കു പണം കണ്ടെത്തിയത്.

# ട്രെയിലർ നിർമാണ മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 21 ന് ആകർഷകമായ സമ്മാനങ്ങൾക്കും പ്രായോഗിക അനുഭവത്തിനുമുള്ള വേദി

തിരുവനന്തപുരം : കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഥമ ആ?ഗോള ശ്രവ്യ-ദൃശ്യ വിനോദ ഉച്ചകോടി (WAVES) 2025 മെയ് 1- 4 വരെ മുംബൈയിലെ ജിയോ വേൾഡ് സെന്ററിൽ വെച്ച് നടക്കും. ഇതിന്റെ ഭാ?ഗമായി സംഘടിപ്പിക്കുന്ന ട്രെയിലർ നിർമാണ മത്സരമായ നെറ്റ്ഫ്ലിക്സ് ഫണ്ട് ഫോർ ക്രിയേറ്റീവ് ഇക്വിറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന 'അൺലോക്കിംഗ് ക്രിയേറ്റിവിറ്റി', കഴിവുറ്റ ചലച്ചിത്ര പ്രവർത്തകരെ പ്രചോദിപ്പിക്കുന്നതിനും സജ്ജരാക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു മത്സരമാണ്. നെറ്റ്ഫ്ലിക്സിന്റെ വിപുലമായ ലൈബ്രറിയിൽ നിന്ന് ആകർഷകമായ ട്രെയിലറുകൾ സൃഷ്ടിക്കാനുള്ള അവസരം ഈ അതുല്യ സംരംഭം വിദ്യാർത്ഥികൾക്ക് നൽകുന്നു.

വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള പരിശീലന സെഷനുകളിലൂടെ, പങ്കെടുക്കുന്നവർക്ക് കഥപറച്ചിൽ, വീഡിയോ എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ എന്നിവയിൽ അറിവ് നേടാൻ സാധിക്കും. ഇതോടൊപ്പം, ഉയർന്ന നിലവാരമുള്ള ട്രെയിലറുകൾ നിർമ്മിക്കുന്നതിന് അവരെ സജ്ജരാക്കും. വെറുമൊരു മത്സരത്തേക്കാൾ, 'അൺലോക്കിംഗ് ക്രിയേറ്റിവിറ്റി' മെന്റർഷിപ്പും പ്രായോഗിക അനുഭവവും വാഗ്ദാനം ചെയ്യുന്നു.

മികച്ച പങ്കാളികൾക്ക് വിലയേറിയ പ്രതികരണങ്ങളും അംഗീകാരവും ലഭിക്കും, കൂടാതെ നെറ്റ്ഫ്ലിക്സ് സബ്സ്ക്രിപ്ഷനുകളും ബ്രാൻഡഡ് ഉൽപ്പന്നങ്ങളും ഉൾപ്പെടെയുള്ള പ്രത്യേക സമ്മാനങ്ങൾ നേടാനുള്ള അവസരവും ഉണ്ടാകും.

യോഗ്യതയും വിധിനിർണ്ണയ മാനദണ്ഡവും: വീഡിയോ എഡിറ്റിംഗ്, ചലച്ചിത്ര നിർമ്മാണം, കണ്ടന്റ് ക്രിയേഷൻ എന്നിവയിൽ അതീവ താത്പര്യമുള്ള വിദ്യാർത്ഥികൾക്കും അഭിനിവേശമുള്ള ചലച്ചിത്ര പ്രവർത്തകർക്കുമായാണ് മത്സരം. പങ്കെടുക്കുന്നവർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. രജിസ്ട്രേഷൻ സൗജന്യമാണ്.

സർഗ്ഗാത്മകത, സാങ്കേതിക നിർവ്വഹണം, സമഗ്രത എന്നിവയെ അടിസ്ഥാനമാക്കി ചലച്ചിത്ര വിദഗ്ധരുടെ ഒരു പാനൽ ട്രെയിലറുകൾ വിലയിരുത്തും. സ്ക്രീനിംഗ് പ്രക്രിയ ഒന്നിലധികം റൗണ്ടുകളിലായി നടക്കും. പങ്കെടുക്കുന്നവർക്ക് അവരുടെ സൃഷ്ടികൾ പരിഷ്ക്കരിക്കാൻ സഹായിക്കും വിധം വിവിധ ഘട്ടങ്ങളിൽ പ്രതികരണങ്ങളും ലഭിക്കും.

ട്രെയിലർ സമർപ്പിക്കേണ്ട അവസാന തീയതി : 2025 മാർച്ച് 21

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക : https://waves.ficci.in/SK-MRL

# ഡോക്ടർ ശുചിമുറിയിൽ കഴുത്തറുത്ത് മരിച്ചനിലയിൽ

തിരുവനന്തപുരം : പാറശാല കൊറ്റാമത്ത് ദന്തഡോക്ടറെ കഴുത്തറുത്ത് മരിച്ച നിലയിൽ കണ്ടെത്തി. പാറശ്ശാല കൊറ്റാമം ശിവശ്രീയിൽ സൗമ്യ (31) ആണു മരിച്ചത്. ഇവർ മാനസിക സമ്മർദത്തിനു മരുന്നു കഴിച്ചിരുന്നെന്നും അന്വേഷണം ആരംഭിച്ചെന്നും പൊലീസ് പറഞ്ഞു.

സൗമ്യയുടെ കയ്യിലും മുറിവേറ്റിട്ടുണ്ട്. ആത്മഹത്യയാണെന്നാണ് പ്രാഥമിക നിഗമനം. ഭർത്താവ് അനൂപിന്റെ അമ്മ ചികിൽസയിലായതിനാൽ അവർക്കൊപ്പമാണ് വ്യാഴാഴ്ച രാത്രി സൗമ്യ ഉറങ്ങാൻ കിടന്നത്. രാത്രി ഒരു മണിയോടെ സൗമ്യയെ കാണാത്തതിനെ തുടർന്ന് ഭർതൃമാതാവ് അടുത്ത മുറിയിൽ ഉറങ്ങുകയായിരുന്ന അനൂപിനെ ഫോണിൽ വിളിക്കുകയായിരുന്നു.

തുടർന്നു നടത്തിയ തിരച്ചിലിലാണ് കഴുത്തിലും കയ്യിലും മുറിവേറ്റ നിലയിൽ കണ്ടെത്തിയത്. ഭർത്താവ് അനൂപ് ടെക്നോ പാർക്ക് ജീവനക്കാരനാണ്.

# മാലിന്യമുക്തം നവകേരളം ജനകീയ കാമ്പെയിൻ : കുറുമാത്തൂരും കൂത്തുപറമ്പും ഇനി സമ്പൂർണ്ണ ഹരിത തദ്ദേശസ്ഥാപനങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നടത്തിയ പ്രഖ്യാപന പ്രവർത്തനങ്ങളെ മുൻനിർത്തി കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്, കൂത്തുപറമ്പ് നഗരസഭ എന്നീ തദ്ദേശസ്ഥാപനങ്ങളിലെ സമ്പൂർണ്ണ ഹരിത തദ്ദേശസ്ഥാപനങ്ങൾ ആയി പ്രഖ്യാപിച്ചു.കരിമ്പം ജൈവ വൈവിധ്യ കേന്ദ്രത്തിൽ വെച്ച് നടന്ന ചടങ്ങിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ഹരിത പ്രഖ്യാപനവും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ഡിപിആർ പ്രകാശനവും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വി എം സീനയുടെ അധ്യക്ഷതയിൽ നവകേരളം കർമ്മപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി എൻ സീമ നിർവഹിച്ചു. കണ്ണൂർ ഗവ എൻജിനീയറിങ് കോളേജ് ആണ് ഗ്രാമപഞ്ചായത്തിന് വേണ്ടി നെറ്റ് സീറോ ഡിപിആർ തയ്യാറാക്കിയത്.തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സിഎം കൃഷ്ണൻ ഹരിത പ്രഖ്യാപനം നടത്തിയ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങൾക്കുള്ള അനുമോദനം നിർവ്വഹിച്ചു.ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ കെ സോമശേഖരൻ പദ്ധതി വിശദീകരണം നടത്തി. കണ്ണൂർ ഗവ എൻജിനിയറിങ് കോളേജ് പ്രിൻസിപ്പാൾ ഡോ. കെ എൻ രാജേഷ് മുഖ്യാതിഥിയായി പങ്കെടുത്തു.കൂത്തുപറമ്പ് മാറോളി ഘട്ടിൽ നടന്ന പരിപാടിയിൽ വെച്ച് കൂത്തുപറമ്പ് നഗരസഭയെ സമ്പൂർണ്ണ ഹരിത നഗരസഭയായി ഡോ. ടി.എൻ സീമ പ്രഖ്യാപിച്ചു.കൂത്തുപറമ്പ് നഗരസഭാ ചെയർപേഴ്സൺ വി. സുജാത ടീച്ചർ അധ്യക്ഷത വഹിച്ചു. മികച്ച ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾക്കുള്ള ഉപഹാര സമർപ്പണവും ചടങ്ങിൽ വെച്ച് നടന്നു. തുടർന്ന് നഗരസഭയുടെ മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനവും കലാമണ്ഡലം മഹേന്ദ്രനും സംഘവും അവതരിപ്പിച്ച സംഗീത പരിപാടിയും നടന്നു.




കുറുമാത്തൂർ ഹരിത പഞ്ചായത്ത് പ്രഖ്യാപനവും നെറ്റ് സീറോ ഉർജ്ജ പ്രകാശനവും നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ സീമ നിർവ്വഹിക്കുന്നു.

# കനത്ത ചൂട്, നേരിട്ടുള്ള വെയിൽ കൊള്ളരുത്: മന്ത്രി വീണാ ജോർജ്

## നിർജലീകരണം ഒഴിവാക്കുന്നതിനായി ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കണം

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എല്ലാവരും ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നേരത്തെ തന്നെ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയിരുന്നു. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണ്.

രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലുമായി ക്രമീകരിക്കണം. ശരീരത്തിൽ നിന്നും അമിതമായ ജല നഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം.

നിർജലീകരണം, സൂര്യാതപം, സൂര്യാഘാതം തുടങ്ങിയവ നട്ടുച്ചയ്ക്കോ സൂര്യനുമായി നേരിട്ട് ബന്ധപ്പെടുമ്പോഴോ മാത്രം ഉണ്ടാകണമെന്നില്ല. പ്രായമായവർ, രോഗികൾ എന്നിവരെ സംബന്ധിച്ച് വീട്ടിനുള്ളിൽ പോലും ഇതുണ്ടാകാം.

അതിനാൽ ഇത്തരക്കാർക്ക് ജലാംശം ഉറപ്പാക്കുന്നതിന് ഉപ്പിട്ട കഞ്ഞി വെള്ളം, മോര്, നാരങ്ങാവെള്ളം തുടങ്ങിയ കൂടുതലായി നൽകണം. പ്രായാധിക്യമുള്ളവർ, രോഗികൾ, കിടപ്പ് രോഗികൾ എന്നിവർ കിടക്കുന്നിടത്ത് വായൂ സഞ്ചാരം ഉറപ്പാക്കുക. സൂര്യാഘാതം മനുഷ്യന് മാത്രമല്ല മൃഗങ്ങൾക്കും ഉണ്ടാകാമെന്നതിനാൽ വളർത്ത് മൃഗങ്ങൾക്കും പക്ഷികൾക്കും വെള്ളം ഉറപ്പാക്കുക.

അമിതമായി മധുരം ചേർത്തതും കാർബൺ ഡൈഓക്സൈഡ് ചേർത്തതുമായ വിവിധതരം പാനീയങ്ങൾ വളരെ സൂക്ഷിച്ച് മാത്രം ഉപയോഗിക്കുക. ഇവ നിർജലീകരണത്തിന് കാരണമാകാം. എല്ലാത്തരം മദ്യവും നിർജലീകരണത്തിന് കാരണമാകുമെന്നതിനാൽ വളരെ ശ്രദ്ധിക്കണം.

ചൂട് കുരു, പേശി വലിവ്, ചർമ്മ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂട് കാലത്ത് കൂടുതലായി കാണപ്പെടാറുണ്ട്.

അതുപോലെ തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യാതപമോ ഉണ്ടാകാനിടയുണ്ട്. പൊള്ളൽ, ക്ഷീണം, തലകറക്കം, തലവേദന, ഓക്കാനവും ഛർദിയും, അസാധരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് കുറയുക, മൂത്രം കടും നിറത്തിലാവുക, വേഗത്തിലുള്ള ഹൃദയമിടിപ്പ്, ബോധക്ഷയം എന്നിവ ഉണ്ടായാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടികൂടിയതോ ചൂട് വർധിപ്പിക്കുന്നതോ ആയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുകയോ ഫാനോ എ.സിയോ ഉപയോഗിക്കുകയോ ചെയ്യുക. ഡോക്ടറെ കാണിച്ച് ചികിത്സ തേടുക.

*വളരെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്.

അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.

ദാഹമില്ലെങ്കിലും ധാരാളം വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കുക. യാത്രാ വേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.

തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കുക.

കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.

ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.

വെള്ളം ധാരാളം അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സാലഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക

കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്

വെയിലത്ത് പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ കുട്ടികളേയും പ്രായമായവരേയും ഇരുത്തിയിട്ട് പോകാതിരിക്കുക.

ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ പകൽ സമയത്ത് വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക.

വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.

കടകളിലും ഹോട്ടലുകളിലും ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാണെന്ന് ഉറപ്പ് വരുത്തണം




തോട്ടം തൊഴിലാളികളുടെ ലയങ്ങൾ നിർമിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി ഉദ്ഘാടനം ചെയ്ത് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് സംസാരിക്കുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വാണിജ്യ ഡയറക്ടറും പ്ലാൻറേഷൻ സ്പെഷ്യൽ ഓഫീസറുമായ മിർ മുഹമ്മദ് അലി, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കൃപകുമാർ, അസോസിയേഷൻ ഓഫ് പ്ലാൻറേഷൻ കേരള ചെയർമാൻ പ്രിൻസ് തോമസ് ജോർജ് എന്നിവർ വേദിയിൽ

# തോട്ടം മേഖലയിലെ ലയങ്ങളുടെ നിർമ്മാണം ഉടൻ പൂർത്തിയാക്കണം: മന്ത്രി

തിരുവനന്തപുരം: തോട്ടം മേഖലയിലെ ലയങ്ങളുടെ നിർമ്മാണം മഴക്കാലത്തിനു മുമ്പ് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് പ്ലാൻറേഷൻ ഉടമകൾക്ക് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർദേശം നൽകി. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ നിർമിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ അടിയന്തര പ്രാധാന്യമുള്ള വിഷയമായിട്ടാണ് സർക്കാർ കാണുന്നതെന്ന് മന്ത്രി പറഞ്ഞു. ലയങ്ങളിൽ കൂടുതലും കാലപ്പഴക്കമുള്ളതാണ്. അവയുടെ നവീകരണം സാധ്യമാക്കുകയെന്ന ദീർഘകാലമായുള്ള ആവശ്യത്തിനാണ് ഇപ്പോൾ പരിഹാരമാകുന്നത്.

പദ്ധതി പ്രഖ്യാപിച്ച് ചുരുങ്ങിയ ദിവസത്തിനുള്ളിൽ 110 പുതിയ വീടുകൾ നിർമ്മിക്കുന്നതിനും 774 വീടുകളുടെ നവീകരണം പൂർത്തിയാക്കുന്നതിനുമായി 27 ഡിപിആറുകൾ ആണ് തോട്ടമുടമകളിൽ നിന്ന് നിലവിൽ ലഭിച്ചിട്ടുള്ളത്. 13.46 കോടി രൂപയുടേതാണ് പദ്ധതി. ഇതിൽ 3.61 കോടി രൂപ സർക്കാർ സബ്സിഡിയായി നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടു മാസത്തിനുള്ളിൽ ലയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുസരിച്ച് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇടുക്കിയിൽ നടത്തുമെന്നും മന്ത്രി അറിയിച്ചു.

തോട്ടം മേഖലയ്ക്ക് സർക്കാർ നൽകുന്ന മുൻഗണനയുടെ അടിസ്ഥാനത്തിലാണ് പ്ലാൻറേഷൻ ഡയറക്ടറേറ്റിന് രൂപം നൽകിയത്. സംസ്ഥാനത്തെ തോട്ടം മേഖലയെ സംബന്ധിച്ച് ഐഐഎം കോഴിക്കോട് തയ്യാറാക്കിയ റിപ്പോർട്ടിലെ ശുപാർശകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് നയം സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നതോടെ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിയുള്ള തുടർ നടപടി സ്വീകരിക്കാനാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ കണ്ണൻ ദേവൻ പ്ലാൻറേഷൻസ്, ടാറ്റ കൺസ്യൂമർ പ്രൊഡക്ട്സ്, എവിടി, മലങ്കര പ്ലാൻറേഷൻസ്, പാമ്പാടുംപാറ പ്ലാൻറേഷൻസ്, ഹാരിസൺ മലയാളം ലിമിറ്റഡ് എന്നീ തോട്ടങ്ങളുടെ ഉടമകൾ ഡിപിആർ കൈമാറി.

തോട്ടം മേഖലയിൽ തൊഴിലാളികളുടെ താമസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പ്രതിസന്ധികൾ കാലോചിതമായി പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. ഇതിനായി കുറേക്കൂടി ഊർജ്ജസ്വലവും ശാസ്ത്രീയമായും കൃത്യമായ ആസൂത്രണത്തോടെയുമുള്ള പ്രവർത്തനം ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വാണിജ്യ ഡയറക്ടറും പ്ലാൻറേഷൻ സ്പെഷ്യൽ ഓഫീസറുമായ മിർ മുഹമ്മദ് അലി, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കൃപകുമാർ, അസോസിയേഷൻ ഓഫ് പ്ലാൻറേഷൻ കേരള ചെയർമാൻ പ്രിൻസ് തോമസ് ജോർജ്, പ്ലാൻറേഷൻ ഉടമകൾ, തൊഴിലാളി യൂണിയൻ നേതാക്കൾ എന്നിവർ സംബന്ധിച്ചു.

2024-25 ലെ സംസ്ഥാന ബജറ്റിൽ പ്ലാൻറേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിരുന്നു. പദ്ധതിയനുസരിച്ച് തോട്ടമുടമ ലയങ്ങളിലെ നിർമാണമോ നവീകരണമോ നടത്തുമ്പോൾ ആകെ ചെലവാകുന്ന തുകയുടെ 30 % (നവീകരണത്തിന് പരമാവധി 50,000 രൂപ വരെയും പുതിയ നിർമാണത്തിന് പരമാവധി 2,00,000 രൂപ വരെയും) സബ്സിഡിയായി അനുവദിക്കും. നവീകരണ പ്രവർത്തനങ്ങളിൽ മേൽക്കൂര മാറ്റുക, തറ ശരിയാക്കുന്ന പ്രവർത്തികൾ, വൈദ്യുതീകരണം പുതുക്കൽ, ചുവരുകൾ മുഴുവനായി പ്ലാസ്റ്ററിങ് ചെയ്യുന്നത്, അധികമായി മുറി ചെയ്യുന്നത്, ശുചിമുറികളുടെയും മാലിന്യ നിർമാർജന സംവിധാനങ്ങളുടെയും പ്രവർത്തികൾ, പോർട്ടബിൾ ജലവിതരണ സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ജില്ലാ ഗെയിംസ് ഫെസ്റ്റിവലിന് തുടക്കമായി

കായിക കേരളത്തിന് പുത്തൻ പ്രതിഭകളെ സമ്മാനിക്കാൻ ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ആസൂത്രണ സമിതിയുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ജില്ലാ ഗെയിംസ് ഫെസ്റ്റിവലിന് പാറശാലയിൽ തുടക്കമായി. പാറശാല ജയമഹേഷ് ഓഡിറ്റോറിയത്തിൽ നടന്ന ഗെയിംസ് ഫെസ്റ്റിന്റെ ഉദ്ഘാടനം സി.കെ.ഹരീന്ദ്രൻ എം.എൽ.എ നിർവ്വഹിച്ചു.

കുട്ടികളുടെ കായികശേഷി വികസിപ്പിക്കുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും ഒരു കളിക്കളം എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് എംഎൽഎ പറഞ്ഞു. സ്പോട്സിലൂടെ നമുക്ക് ജീവിതത്തിൽ പകർത്താൻ കഴിയുന്ന അറിവുകൾ പലതാണ്. വഴിവിട്ട ജീവിതരീതിയിൽ നിന്ന് പുതുതലമുറയെ അകറ്റാനും അവരെ നേർവഴിക്ക് നയിക്കാനും ഗെയിംസ് ഫെസ്റ്റുകൾക്ക് കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഉദ്ഘാടന സമ്മേളനത്തിന്റെ ഭാഗമായി പവതിയാൻവിളയിൽ നിന്നും പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.കെ.ബെൻഡാർവിൻ നയിച്ച ജില്ലാ ഗെയിംസ് ഫെസ്റ്റിവലിന്റെ വിളംബര ജാഥയിൽ ജനപ്രതിനിധികളും സ്കൂൾ-കോളേജ് വിദ്യാർഥികളും പങ്കെടുത്തു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പവതിയാൻവിള ജംഗ്ഷനിലും പാറശാല പോസ്റ്റ് ഓഫിസ് ജംഗ്ഷനിലും ലഹരി വിരുദ്ധ ഫ്ലാഷ് മോബ് സംഘടിപ്പിച്ചു. ഫെസ്റ്റ് മാർച്ച് 17ന് സമാപിക്കും.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ്കുമാർ അധ്യക്ഷത വഹിച്ചു. പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്.കെ.ബെൻഡാർവിൻ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗം വി.എസ്.ബിനു, പാറശാല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അൽവേഡിസ, ജില്ലാ പഞ്ചായത്ത് അംഗം സൂര്യ.എസ്.പ്രേം, ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എസ്.ആര്യദേവൻ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ ഗെയിംസ് ഫെസ്റ്റ്: നാല് ദിവസങ്ങളിലായി നടക്കുന്നത് വാശിയേറിയ മത്സരങ്ങൾ

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ആസൂത്രണ സമിതിയുടെയും ആഭിമുഖ്യത്തിൽ ഇന്ന് മുതൽ (മാർച്ച് 14) നാല് ദിവസങ്ങളിലായി നടക്കുന്ന ജില്ലാ ഗെയിംസ് ഫെസ്റ്റിവലിന് പാറശാലയിൽ തുടക്കമായി. നാല് ?ഗ്രൗണ്ടുകളിലായി നടക്കുന്ന ഫെസ്റ്റിവലിൽ ഫുട്ബോൾ, കബഡി, ക്രിക്കറ്റ്, വോളിബോൾ മത്സരങ്ങൾ നടക്കും.

മേളയുടെ ഭാഗമായി ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ തല വിജയികൾ തമ്മിലുള്ള ചാമ്പ്യൻഷിപ്പും സെലക്ഷൻ ട്രയൽസും നടക്കും.

പൊഴിയൂർ എസ്എംആർസി ഗ്രൗണ്ടിൽ ഫുട്ബോൾ മത്സരങ്ങളും ചെറുവാരക്കോണം എഎംസി ഗ്രൗണ്ടിൽ ക്രിക്കറ്റ് മത്സരങ്ങളും നടക്കും. മാർച്ച് 15, 16 തീയതികളിൽ പാറശാല ഹെർക്കുലിയൻ ഗ്രൗണ്ടിൽ കബഡി മത്സരം സംഘടിപ്പിക്കും. പ്ലാമൂട്ടുകട ഇഎംഎസ് വോളിബോൾ ഗ്രൗണ്ടിൽ വോളിബോൾ മത്സരങ്ങളും നടക്കും.

ഗെയിംസ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം സി. കെ ഹരീന്ദ്രൻ എം.എൽ.എ നിർവഹിച്ചു. മാർച്ച് 17ന് നടക്കുന്ന സമാപന സമ്മേളനം രജിസ്ട്രേഷൻ, മ്യൂസിയം ആർക്കിയോളജി വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

## അവധിക്കാല കോഴ്സ് : രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ 5-ാം ക്ലാസ് മുതലുള്ള കുട്ടികൾക്കായി ആരംഭിക്കുന്ന അവധിക്കാല കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. IT SIP (""First step with the computer", e-Kids) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് : 0471 2490670.

## ന്യൂമീഡിയ ഡിജിറ്റൽ ജേർണലിസം കോഴ്സിലേക്ക് അപേക്ഷിക്കാം

കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ ആൻഡ് ഡിജിറ്റൽ ജേർണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച് ) അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകീട്ട് 6.00 മുതൽ 8.00 വരെയാണ് ക്ലാസ്.

ഓൺലൈനിലും ഓഫ്‌ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി ഇല്ല. മോജോ, വെബ് ജേർണലിസം, ഓൺലൈൻ റൈറ്റിംഗ് ടെക്നിക്ക്സ്, ഫോട്ടോ ജേർണലിസം, വീഡിയോ പ്രാക്ടീസ് തുടങ്ങിയവയിൽ പ്രായോഗിക പരിശീലനം നൽകും.

ഓൺലൈനായി അപേക്ഷിക്കുന്നതിന് മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2422275, 2422068, 9388959192, 9447225524, 0471-2726275. അവസാന തിയതി മാർച്ച് 17.

# രജിസ്ട്രേഷൻ ഓഫീസുകൾ മാതൃക ഓഫീസുകളാകണം : മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

സംസ്ഥാനത്തെ രജിസ്ട്രേഷൻ ഓഫീസുകൾ മാതൃക ഓഫീസുകളാകണമെന്ന് രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. പൊതുജനങ്ങൾക്ക് സമയബന്ധിതവും സുതാര്യവും സുഗമവുമായി സർക്കാർ സേവനങ്ങൾ രജിസ്ട്രേഷൻ ഓഫീസുകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തും.

സർക്കാരിന്റെ സാമ്പത്തിക സ്രോതസ്സുകളിൽ സുപ്രധാനമായ വകുപ്പുകളിൽ ഒന്നാണ് രജിസ്ട്രേഷൻ വകുപ്പ്. ആ ഒരു ബോധ്യത്തോടെയുള്ള പൊതുവായ ഇടപെടൽ വകുപ്പിന്റെ എല്ലാ തലത്തിലും ഉണ്ടാവണം. തിരുവനന്തപുരം സർക്കാർ അതിഥി മന്ദിരത്തിൽ ചേർന്ന രജിസ്ട്രേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ തിരുവനന്തപുരം ജില്ലാ തല അവലോകന യോഗത്തിൽ അധ്യക്ഷനായി സംസാരിക്കുകയായിരുന്നു മന്ത്രി.

ജനങ്ങൾ ദിവസേന വിവിധ അവശ്യസേവങ്ങൾക്കായി സമീപിക്കുന്ന ഓഫീസുകൂടിയാണ് സബ് രജിസ്ട്രാർ ഓഫീസുകൾ. ജനങ്ങൾക്ക് വേഗത്തിൽ സുതാര്യമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുക എന്ന സർക്കാർ നയം ഉയർത്തിപ്പിടിക്കുന്ന നിലയിലാവണം രജിസ്ട്രേഷൻ ഓഫീസുകളുടെ പ്രവർത്തനമെന്നും മന്ത്രി വ്യക്തമാക്കി.

രജിസ്ട്രേഷൻ ഓഫീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, വകുപ്പിന്റെ ജനകീയ ബന്ധം ഉറപ്പാക്കുക തുടങ്ങി നിരവധികാര്യങ്ങൾ രേഖപ്പെടുത്താനും വിഷയങ്ങൾ ചർച്ച ചെയ്യാനും പരിഹാരം കാണാനുമാണ് രജിസ്ട്രേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്നത്. നടപ്പു വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, ഫയലുകൾ തീർപ്പാക്കൽ ഉൾപ്പടെയുള്ള വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്നിവ സംബന്ധിച്ച അവലോകനം യോഗത്തിൽ നടത്തി.

# ഫാർമസിസ്റ്റ് തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം

കൊല്ലം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ കാസ്പ് സ്കീം മുഖേന താത്കാലികാടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് തസ്തികയിൽ നിയമനത്തിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥിക്കൾക്കായി അഭിമുഖം നടത്തും. പ്രായപരിധി 18-41. രണ്ട് ഒഴിവുകളാണുള്ളത്. യോഗ്യതകൾ: പ്ലസ്ടു, ഡി.ഫാം, ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ, രണ്ടു വർഷത്തെ പ്രവൃത്തിപരിചയം. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് തപാൽ മുഖേനയോ ഓഫീസിൽ നേരിട്ട് ഹാജരായോ അപേക്ഷ സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 26 (വൈകീട്ട് 5 മണി വരെ). ഇന്റർവ്യു തീയതി കൊല്ലം സർക്കാർ മെഡിക്കൽ കോളജിന്റെ വെബ്സൈറ്റിൽ (ംം.ഗാരസീഹഹമാ.ലൗ.ശി.) പ്രസിദ്ധീകരിക്കും. അപേക്ഷകർ അഭിമുഖത്തിന് ഹാജരാകുമ്പോൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും ആയതിന്റെ പകർപ്പുകളും സഹിതം കൊല്ലം മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0474-2575050.

# കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ യംഗ് പ്രൊഫഷണൽ–I കരാർ നിയമനം: ഏപ്രിൽ 15 വരെ അപേക്ഷിക്കാം

തിരുവനന്തപുരം : കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരം വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സമുദ്ര മത്സ്യ ?ഗവേഷണ സ്ഥാപനത്തിൽ യംഗ് പ്രൊഫഷണൽ -ക തസ്തികയിലേക്കുള്ള കരാർ നിയമനത്തിനായുള്ള ഇന്റർവ്യൂ 2025 ഏപ്രിൽ 22 രാവിലെ 10 മണിക്ക് നടക്കും. രണ്ട് ഒഴിവുകളാണുള്ളത്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അവരുടെ ബയോ-ഡാറ്റയും, സ്കാൻ ചെയ്ത സർട്ടിഫിക്കറ്റ് പകർപ്പുകളും 2025 ഏപ്രിൽ 15 നകം കിട്ടത്തക്ക വിധത്തിൽ cmfrivizhinjam[at]gmail[dot]com എന്ന വിലാസത്തിൽ അയയ്ക്കണം.

മറൈൻ ഫിൻഫിഷ് ഹാച്ചറി ഓപ്പറേഷൻ, ബ്രൂഡ്സ്റ്റോക്ക് മാനേജ്മെന്റ്, മറൈൻ ഫിൻഫിഷുകളുടെ ലാർവ വളർത്തൽ എന്നിവയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയമുള്ള അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദമാണ് അവശ്യ യോ?ഗ്യത. ഫിഷറീസ് സയൻസ്/മറൈൻ ബയോളജി/ഇൻഡസ്ട്രിയൽ ഫിഷറീസ് അക്വാകൾച്ചർ/നീന്തൽ, ഡൈവിംഗ് കഴിവുകൾ (മത്സ്യങ്ങളുടെ കടൽ കൂട് പരിപാലനം) എന്നിവയിൽ സ്പെഷ്യലൈസേഷനോടെ ബിരുദാനന്തര ബിരുദം അഭിലഷണീയം. നിയമപ്രകാരമുള്ള ഇളവുകൾ ഉൾപ്പടെ ഇന്റർവ്യൂ തീയതി പ്രകാരം കുറഞ്ഞ പ്രായം 21 വയസ്സും കൂടിയ പ്രായം 40 വയസ്സുമാണ്. വേതനം പ്രതിമാസം 30,000 രൂപ. ഷോർട്ട്ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളെ പ്രസ്തുത വിവരം ഇമെയിൽ വഴി അറിയിക്കും. ആശയവിനിമയം ലഭിച്ചവർ മാത്രം അഭിമുഖത്തിനായി നിശ്ചിത തീയതിയിൽ ഹാജരായാൽ മതിയാകും. നിയമനം പൂർണ്ണമായും താത്കാലികാടിസ്ഥാനത്തിലാണ്. വിശദവിവരങ്ങൾക്ക് www.cmfri.org.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ. 0471-2480224.

## മെഡിക്കൽ കോളജിൽ ഇ.സി.ജി. ടെക്നീഷ്യൻ കരാർ നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തികയിലെ രണ്ട് ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തും.

പ്രായപരിധി 18-36. യോഗ്യതകൾ: പ്ലസ്ടു ,വി.എച്ച്.എസ്.ഇ അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം, കാർഡിയോ വാസ്കുലർ ടെക്നോളജിയിൽ ഡിപ്ലോമ, മെഡിക്കൽ എഡ്യുക്കേഷൻ സർവീസസ്/ഹെൽത്ത് സർവീസസ്/ഇൻഷുറൻസ് മെഡിക്കൽ സർവീസസ് അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്ര/സംസ്ഥാന ആരോഗ്യ സ്ഥാപനത്തിനു കീഴിലെ ആശുപത്രികളിൽ ഇ.സി.ജി/ ടി.എം.ടി ടെക്നീഷ്യൻ ആയി മൂന്നുവർഷത്തെ പ്രവൃത്തിപരിചയം.

ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മാർച്ച് 28ന് രാവിലെ 11ന് തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2528855, 2528055.

## കായിക ഇനങ്ങളിൽ സമ്മർ കോച്ചിങ് ക്യാമ്പ് നടത്തും

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ കായികയിനങ്ങളിൽ ഏപ്രിൽ 1 മുതൽ സമ്മർ കോച്ചിംഗ് ക്യാമ്പ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം, ശംഖുമുഖം ഇൻഡോർ സ്റ്റേഡിയം, ഡോ. അംബേദ്കർ ഇന്റർനാഷണൽ സ്വിമ്മിങ് പൂൾ പിരപ്പൻകോട് എന്നിവടങ്ങളിലായി നടത്തും.

കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിൽ നേരിട്ട് നടത്തുന്ന പ്രസ്തുത ക്യാമ്പിൽ അത്‌ലറ്റിക്സ്, ബാസ്കറ്റ്ബാൾ, ഫുട്ബോൾ, വോളിബോൾ, ഹാൻഡ്ബാൾ, ജിംനാസ്റ്റിക്സ്, ക്രിക്കറ്റ്, ഫെൻസിങ്, റെസ്ലിങ്, ബോക്സിംഗ്, ബേസ്ബോൾ, റഗ്ബി (തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം) ബാഡ്മിന്റൺ (ശംഖുമുഖം ഇൻഡോർ സ്റ്റേഡിയം) നീന്തൽ (ഇന്റർനാഷണൽ സ്വിമ്മിങ് പൂൾ പിരപ്പൻകോട്) എന്നീ കായിക ഇനങ്ങളിൽ 8 വയസ്സ് മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രവേശനം നൽകും. വിശദവിവരങ്ങൾക്ക് 0471-2330167 2331546 എന്ന ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.




കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പിൻതുണ നൽകുന്ന കെ-അഗ്ടെക് ലോഞ്ച്പാഡ് ലോഗോ അനാച്ഛാദനം മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു. എം വിൻസന്റ് എം എൽ എ സമീപം

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ഒക്ടോബർ 9,10,11 തീയതികളിൽ ന്യൂ ജേഴ്സിയിൽ

ന്യൂയോർക്ക്: വടക്കെ അമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് 2025 ഒക്ടോബർ 9,10,11 തീയതികളിൽ ന്യൂ ജേഴ്സിയിലെ എഡിസണ്‍ ഷെറാട്ടണ്‍ ഹോട്ടലിൽ വെച്ച് നടത്തപ്പെടും.

കോൺഫറൻസ് വേദിയായ ഷെറാട്ടണ്‍ ഹോട്ടൽ ജനറൽ മാനേജരായ ജാസ്സി സിങ്ങും ഇന്ത്യ പ്രസ് ക്ലബ് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ എന്നിവരുമായി ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ മാധ്യമപ്രവർത്തകരും, സാമൂഹ്യ സാംസ്കാരിക നേതാക്കളും, കമ്മ്യൂണിറ്റി നേതാക്കന്മാരും, , വ്യാപാരി വ്യവസായികളും വേദി സന്ദർശിക്കുകയും ആവശ്യമായ ഒരുക്കങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. ഐ. പി. സി. എൻ. എ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി, സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രെഷറർ ബിനു തോമസും മറ്റു ഭാരവാഹികളും ആണ് കോൺഫെറൻസിന്റെ ആതിഥേയത്വം വഹിക്കുന്നത്.



30 ശതമാനത്തിലേറെ ഇന്ത്യാക്കാരുള്ള അമേരിക്കയിലെ ഏക നഗരമാണ് എഡിസണ്‍. എഡിസണ്‍ മേയർ സാം ജോഷി യുവാവായ ഇന്ത്യാക്കാരനാണ്. എന്തുകൊണ്ടും ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ കോൺഫറൻസ് നടത്താൻ അനുയോജ്യമാണ് ഈ വേദി എന്ന് മാധ്യമപ്രവർത്തകരും സാമൂഹ്യ സാംസ്കാരിക നേതാക്കളും അഭിപ്രായപ്പെട്ടു, മാത്രവുമല്ല ന്യൂവാർക്ക് അന്താരഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 20 മിനിറ്റ് മാത്രം അകലയെയാണ് ഈ ഹോട്ടൽ സമുച്ചയം നിലകൊള്ളുന്നത്. അമേരിക്കൻ മണ്ണിലെ മലയാള മാധ്യമപ്രവർത്തക കൂട്ടായ്മയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാവും 11-ാം മത് കോൺഫെറൻസ് എന്ന് വിലയിരുത്തുന്നു.

2006 വർഷത്തിൽ ആദ്യമായി എളിയ രീതിയിൽ തുടങ്ങിയ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ് ഇന്ന് വളർന്നു പന്തലിച്ചു എന്നത് അഭിമാനകരമാണ്. അന്ന് മുഖ്യ പ്രഭാഷകനായി വന്നത് മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ആയിരുന്ന തോമസ് ജേക്കബ് ആയിരുന്നു . മലയാള മാധ്യമ രംഗത്തെ പ്രവർത്തനങ്ങളുടെ അവലോകനത്തോടൊപ്പം, അമേരിക്കയിലെ മാധ്യമ പ്രവർത്തകർക്ക് പ്രചോദനം ആകുന്ന ഒരു കോൺഫെറെൻസ് ആയിരിക്കും ഇത്. കേരളത്തിലെ ഒട്ടുമിക്ക മുഖ്യധാരയിൽ നിന്നുള്ള മാധ്യമ പ്രവർത്തകരെയും രാഷ്ട്രീയ രംഗത്തെ അതികായരെയും പങ്കെടുപ്പിച്ചും കൊണ്ടാണ് ഇത്തവണയും കോൺഫറൻസ് നടക്കാൻ പോകുന്നത്. ന്യു ജേഴ്സിയിൽ മുൻപ് മൂന്നു തവണ കൺവെൻഷൻ വ്യത്യസ്ത വേദികളിൽ നടന്നിട്ടുണ്ട്. അവയിലെല്ലാം വലിയ ജനപങ്കാളിത്തവും ലഭിച്ചിരുന്നു. ട്രൈസ്റ്റേറ്റ് മേഖലയിൽ നിന്നും വാഷിംഗ്ടണിൽ നിന്നുമൊക്കെ ഡ്രൈവ് ചെയ്തു എത്താൻ പറ്റുന്നതാണ് വേദി.

ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വൈസ് പ്രസിഡന്റ് അനിൽ കുമാർ ആറന്മുള , മുൻ പ്രസിഡന്റ് ജോർജ് ജോസഫ്, മുൻ ട്രെഷറർ ജോർജ് തുമ്പയിൽ, ഐ. പി. സി. എൻ. എ ഫിലാഡൽഫിയ പ്രസിഡന്റ് അരുൺ കോവാട്ട്, ന്യൂ യോർക്ക് അംഗം ജോൺസൻ ജോർജ് എന്നീ മാധ്യമ പ്രവർത്തകർ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ നാഷണൽ സെക്രട്ടറി ബൈജു വർഗീസ്, ഫൊക്കാന മുൻ പ്രസിഡന്റ്റ് പോൾ കറുകപ്പിള്ളിൽ, ഫോമാ മുൻ പ്രസിഡന്റ് അനിയൻ ജോർജ്, ഫോമാ മുൻ സെക്രട്ടറി ജിബി മോളോപറമ്പിൽ, സാമൂഹ്യ സാംസ്കാരിക കലാ രംഗത്തെ പ്രമുഖരായ സണ്ണി വാണിയപ്ലാക്കൽ, സജി മാത്യു, മിത്രാസ് പ്രസിഡന്റ് രാജൻ ചീരൻ, ജിഷോ തോമസ്, പ്രമുഖ വ്യവസായിയും സംരഭകനുമായ നോഹ ജോർജ് ഗ്ലോബൽ കൊളീഷൻ എന്നിവരും വേദി കാണാനെത്തി. ഈ വർഷത്തെ പ്ലാറ്റിനം ഇവന്റ് & മെയിൻ സ്പോൺസർ സാജ് ഏർത് റിസോർട്ടിന്റെ ഉടമകളായ സാജൻ വർഗീസും മിനി സാജനുമാണ്



ഓരോ കോൺഫെറൻസുകളും ഒന്നിനൊന്നു മികച്ചു നിന്ന പാരമ്പര്യമാണ് പ്രസ് ക്ലബിനുള്ളതെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ചൂണ്ടിക്കാട്ടി. ഇപ്രാവശ്യവും അത് അങ്ങനെ തന്നെ ആയിരിക്കുമെന്നാണ് തങ്ങൾ കരുതുന്നത്. അതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ജനുവരിയിൽ കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ നടത്തിയ പ്രസ് ക്ലബിന്റെ മാധ്യമശ്രീ, മാധ്യമർത്തന, പയനിയർ, മീഡിയ എക്സലൻസ് അവാർഡ് ദാന ചടങ്ങു വൻ വിജയമായി തീർന്നു. അതുമായി ബന്ധപ്പെട്ട് ചില വിമർശനങ്ങൾ വന്നുവെങ്കിലും അത് സമ്മേളനത്തെ ബാധിച്ചില്ലെന്ന് മാത്രമല്ല കൂടുതൽ ജനശ്രദ്ധ ലഭിക്കാൻ കാരണമാവുകയും ചെയ്തു എന്ന് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് പറഞ്ഞു. കേരളത്തിൽ നടക്കുന്ന ടെലിവിഷൻ ചാനലുകളുടെ പുരസ്കാരവേദിക്കൊപ്പം കിട പിടിച്ച ഈ അവാർഡ് ദാനച്ചടങ്ങിൽ പങ്കെടുത്തവർക്ക് ഏറ്റവും നല്ല അഭിപ്രായമാണുണ്ടായത്. കേരളത്തിൽ ഇത്തരത്തിലൊരു പുരസ്കാര വേദി ഒരുക്കുന്നത് വളരെ അധികം ശ്രമകരമാണെങ്കിലും ഇത് ഭംഗിയായി നടത്തിയതിന് എല്ലാവരും ഒന്നടങ്കം നന്ദി പറയുകയുണ്ടായി.

എല്ലാം കൊണ്ടും വ്യത്യസ്തമായതും, അമേരിക്കയിലെ മാധ്യമപ്രവർത്തകർക്ക് പ്രയോജനം നല്കുന്നതിലൂന്നിയുള്ളതുമായ പ്രോഗ്രാമുകൾ ആണ് ഈ വർഷത്തെ കോൺഫെറെൻസിൽ വിഭാവനം ചെയ്യുന്നതെന്ന് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് (202627) രാജു പള്ളത്തു എന്നിവർ പറഞ്ഞു. അവയ്ക്ക് അന്തിമ രൂപം നൽകി വരുന്നു. ഹോട്ടൽ ബുക്കിംഗിനും രജിസ്ട്രേഷനുമുള്ള വെബ്സൈറ്റ് ഉടൻ പ്രവർത്തന സജ്ജമാകുമെന്ന് അവർ അറിയിച്ചു. ഈ വർഷത്തെ കോൺഫെറെൻസിനും കേരളത്തിൽ നിന്നുള്ള ഏറ്റവും പ്രമുഖരായ മുതിർന്ന മാധ്യമപ്രവർകാരും, രാഷ്ട്രീയ നേതാക്കളും പങ്കെടുക്കും എന്നും ട്രഷറർ വിശാഖ് ചെറിയാൻ, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം എന്നിവരും അഭിപ്രായപ്പെട്ടു. കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യ പ്രസ് ക്ലബ് ഭാരവാഹികളുമായി ബന്ധപ്പെടാവുന്നതാണ്.

# കർഷകരുമായുള്ള ആത്മബന്ധം കാർഷികസർവകലാശാലകളുടെ പ്രവർത്തനത്തിന് കരുത്തേകും: മന്ത്രി പി പ്രസാദ്

പുതിയ കാലത്തെ പ്രതിസന്ധികളെ തരണം ചെയ്യാൻ കർഷകരെ പ്രാപ്തരാക്കാനും കർഷകരുമായി ആത്മബന്ധം പുലർത്താനും കാർഷിക സർവകലാശക്ക് കഴിയണമെന്നും ഇത് മുന്നോട്ടുള്ള സർവകലാശാലയുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകുമെന്നും കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് പറഞ്ഞു. കേരള കാർഷിക സർവകലാശാല, നബാർഡ്, വെസ്റ്റേൺ സിഡ്നി സർവകലാശാല എന്നിവയുടെ സംയുക്ത സഹകരണത്തിൽ കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പിൻതുണ നൽകുന്ന കെ-അഗ്ടെക് ലോഞ്ച്പാഡ് പദ്ധതിയുടെ ഉദ്ഘാടനം വെള്ളായണി കാർഷിക സർവകലാശാല ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

15 കോടി രൂപയുടെ ഗ്രാന്റ് ഒരു പദ്ധതിക്ക് കേരളത്തിൽ ലഭിക്കുന്ന ആദ്യ സർവകലാശാലയാണ് കേരള കാർഷിക സർവകലാശാല. കാർഷിക സർവകലാശാല പ്രോചാൻസലർ എന്ന പദവിയിലെത്തുമ്പോൾ തന്റെ കരുത്ത് കൃഷിയുമായുള്ള ആത്മബന്ധവും ആ മേഖലയോടുള്ള താൽപര്യവുമായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. 50 വർഷങ്ങളായി കാർഷിക സർവകലാശാല നേടിയ നേട്ടങ്ങൾ, നേരിടുന്ന പ്രയാസങ്ങൾ, പ്രതിസന്ധികൾ ഇവയെല്ലാം ആദ്യ ഘട്ടത്തിൽ തന്നെ സംസ്ഥാന ഗവൺമെന്റ് സൂക്ഷ്മമായി പരിശോധിച്ചു.

സർവകലാശാലയുടെ റാങ്കിംഗ്, സർവകലാശാല കൊണ്ട് കർഷകർക്കുണ്ടാകുന്ന പ്രയോജനം എന്നിവയും പരിശോധിച്ച് നടപടികൾ സ്വീകരിച്ചു. ഇന്ന് ദേശീയ തലത്തിൽ 15-ാം റാങ്കിലേക്ക് കേരള കാർഷിക സർവകലാശാല എത്തുകയും 15 പേറ്റന്റുകൾ നേടുകയും ചെയ്തു എന്നത് അഭിമാനകരമാണ്. കർഷക മേഖലയിലെ സംരഭകർ അഗ്രിപ്രണഴ്സ് എന്ന പേരിൽ അറിയപ്പെടുന്ന കാലമാണിത്. കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും നേരിടേണ്ടി വരുന്ന കാലത്ത് കേരളത്തിലെ കർഷകരുടെ പ്രതീക്ഷയാണ് കാർഷിക സർവകലാശാല. വേഗത്തിൽ വിളവെടുക്കാൻ കഴിയുന്ന കൃഷിരീതികളും സാങ്കേതിക അറിവുകളും കർഷകർക്ക് നൽകുക എന്ന ദൗത്യം സർവകലാശാല നിറവേറ്റുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സഹായത്തിനായും കാർഷിക ബിസിനസ് സംരഭങ്ങൾക്കുമായാണ് ഗഅജഇഛ എന്ന ആശയത്തിലേക്ക് സംസ്ഥാന സർക്കാർ എത്തുന്നത്. വിളവെടുക്കലിന് ശേഷം വിലയിടിവ്, വിപണനത്തിലെ ഏകോപന കുറവ് എന്നീ വിവിധ കാരണങ്ങൾ കൊണ്ട് ഒരു വർഷം 1,500 കോടി രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ സംഭവിക്കുന്നു എന്നാണ് കണക്ക്. ഇതിൽ 1,400 കോടി രൂപയുടെ നഷ്ടം കർഷകന്റെയാണ് എന്നത് ഗൗരവകരമാണ്. ദ്വിതീയ കാർഷിക മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് മൂല്യ വർധിത ഉൽപ്പനങ്ങളുടെ നിർമാണം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങടക്കം ഉപയോഗിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ സംരക്ഷണം, വിപണനം എന്നിവ ശക്തമാക്കിയാകണം നഷ്ടം ഇല്ലാതാക്കേണ്ടത്.

ഇതിനായി ബിസിനസ് സ്റ്റാർട്ടപ്പുകൾ വരണം എന്നതാണ് സർക്കാർ നിലപാട്. ഈ പശ്ചാത്തലത്തിൻ കാർഷിക മേഖലയിലെ ബിസിനസ് ആശയങ്ങൾക്കും സംരഭങ്ങൾക്കുമുള്ള മികച്ച വേദിയായി കെ-അഗ്ടെക് ലോഞ്ച്പാഡ് മാറും. സ്ത്രീ സംരഭകർക്ക് പ്രാമുഖ്യം നൽകുന്നു എന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജന്റസടക്കമുള്ള നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക മേഖലയിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയണം. സിഡ്നി വെസ്റ്റേൺ സർവകലാശാല, നബാർഡടക്കം ഈ സംരഭത്തിന് പിൻതുണ നൽകുന്ന എല്ലാവർക്കും നന്ദി അർപ്പിക്കുന്നതായും മന്ത്രി പറഞ്ഞു.

എം വിൻസന്റ് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് മുഖ്യ പ്രഭാഷണം നടത്തി. പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ഡോ. അലൻ തോമസ് പദ്ധതി രൂപരേഖ അവതരിപ്പിച്ചു. നബാർഡ് ചെയർമാൻ ഡോ. ഷാജി കെ.വി കെ-അഗ്ടെക് ലോഞ്ച്പാഡ് ഡിസൈൻ പ്രകാശനം നിർവഹിക്കുകയും ധാരണാപത്രം കൈമാറുകയും ചെയ്തു. വെസ്റ്റേൺ സിഡ്നി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ജോർജ് വില്യംസ് എ.ഒ ഓൺലൈനായി ചടങ്ങിൽ പങ്കെടുത്തു. തെരഞ്ഞെടുത്ത ഇൻക്യുബഷേൻ സാങ്കേതിക വിദ്യകളുടെ പ്രകാശനം വെസ്റ്റേൺ സിഡ്നി സർവകലാശാല പ്രോ വൈസ് ചാൻസലർ ഡോ. നിക്കോളിൻ മർഡോക് നിർവഹിച്ചു. ഡോ നിഷാ രാകേഷ് വെസ്റ്റേൺ സിഡ്നി സർവകലാശാലയുമുള്ള സഹകരണത്തെക്കുറിച്ച് വിശദീകരിച്ചു. കല്ലിയൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സോമശേഖരൻ നായർ ചടങ്ങിൽ സംബന്ധിച്ചു. ഡീൻ ഡോ. റോയ് സ്റ്റീഫൻ സ്വാഗതമാശംസിച്ച ചടങ്ങിൽ ഡോ. എം എച്ച് ഫൈസൽ നന്ദി അറിയിച്ചു.

കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും, ആശയവൽക്കരണത്തിൽ നിന്ന് വിപണിയിലെത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ നൽകൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേരള കാർഷിക സർവകലാശാലയിൽ ആരംഭിക്കുന്ന പദ്ധതിയാണ് കെ-അഗ്ടെക് ലോഞ്ച് പാഡ്. കേരള കാർഷിക സർവ്വകലാശാലയും നബാർഡും വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

നബാർഡിന്റെ ഗ്രാമീണ ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ (ആർ.ബി.ഐ.സി) പദ്ധതിയായി 2025 മുതൽ അഞ്ചു വർഷത്തേക്ക് 1457.5 ലക്ഷം രൂപയാണ് ഈ സംരംഭത്തിനായി വകയിരുത്തിയിരിക്കുന്നത്. ഇതോടൊപ്പം ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ ഒരു ഹൈടെക് കൃഷി യൂണിറ്റ് വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിക്കും.

കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ്, വൈവിധ്യവൽക്കരണം എന്നിവയിലൂടെ കർഷകരുടെയും സംരംഭകരുടെയും വരുമാന വർദ്ധനവിനുള്ള സാധ്യത ഉറപ്പുവരുത്തുക, കാർഷിക മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സാങ്കേതിക സാമ്പത്തിക പിന്തുണ നൽകുകയും ഇൻക്യുബേഷന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക, സ്ത്രീ സംരംഭകർക്ക് പ്രാമുഖ്യം നൽകി അവരെ ശാക്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ) സഹായത്തോടെ വിവിധ വിളകളിലെ കൃത്യതാ കൃഷിക്കുള്ള സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുക എന്നിവയൊക്കെയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

## വെക്കേഷൻ ക്ലാസ്

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഓട്ടോ കാഡ് (2ഡി, 3ഡി), പ്രോഗ്രാമിംഗ് ലാംഗ്വേജസ്, ഡാറ്റ എൻട്രി, ടാലി, ഡി.റ്റി.പി, അപ്പാരൽ ഡിസൈനിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.വിശദ വിവരങ്ങൾക്ക്: 0471 2490670.

## വാക്ക് ഇൻ-ഇന്റർവ്യൂ

റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം കരാറടിസ്ഥാനത്തിൽ റസിഡന്റ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ഏപ്രിൽ 1 ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.വിശദ വിവരങ്ങൾ: www.rcctvm.gov.in



തമിഴ്നാട് ഐടി മന്ത്രി പളനിവേൽ ത്യാഗരാജനും ഡോ. തമിഴച്ചി തങ്ക പാണ്ഡ്യൻ എംപിയും മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചപ്പോൾ